# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1706** 05.02.2019 -ലെ മറുപടിയ്ക്ക്

**<u>തഴവ ഗവണ്മെന്റ് കോളേജിലെ ബിരുദകോഴ്സുകൾ</u>**

*ചോദ്യം*
ശ്രീ.ആർ. രാമചന്ദ്രൻ

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തഴവ ഗവണ്മെന്റ് കോളേജിൽ ഏതെല്ലാം വിഷയങ്ങളിൽ ബിരുദകോഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; ഇവിടെ എത്ര സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തഴവ ഗവൺമെന്റ് കോളേജിൽ ബി.കോം ഫിനാൻസ്, ബി.എ. മലയാളം, ബി.എ. ഇംഗ്ലീഷ്, ബി.എ. സോഷ്യോളജി എന്നീ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയും കോമേഴ്സ്, മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിൽ ഓരോ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക വീതവും സൃഷ്ടിക്കുകയും ടി തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കോളേജിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഇതിനുവേണ്ടി സ്ഥലം വിട്ടു നൽകുന്നതിന് എത്ര ഭൂവുടമകൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) & (സി) | കരുനാഗപ്പള്ളി തഴവ സർക്കാർ ആർട്സ് & സയൻസ് കോളേജിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 32 ഓളം വ്യക്തികളുടെ സ്ഥലം ഉൾപ്പെട്ട 4 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. കോളേജ് പ്രവർത്തിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസലുകൾ നിലവിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | എത്രയും വേഗം സ്ഥലം ഏറ്റെടുത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**